# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2283
# 07.02.2019 ലെ മറുപടിക്ക്

## <u>എൽ.എ.സി.-എ.ഡി.എസ്. പോർട്ടൽ സംവിധാനം</u>

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 2018-19 സാമ്പത്തിക വർഷത്തിലേക്ക് നിയമസഭാ സാമാജികർ സമർപ്പിച്ചിട്ടുള്ള ആസ്തി വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്കമാക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനുള്ള ഒരു ഓൺലൈൻ സംവിധാനം എന്ന നിലയ്ക്കാണ് എൽ.എ.സി - എ.ഡി.എസ് പോർട്ടൽ വികസിപ്പിച്ചത്. ധനകാര്യ വകുപ്പിലും വിവിധ കളക്ടേറ്റുകളിലും പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ സുഗമമായി കൈകാര്യം ചെയ്യുന്നതിന് പോർട്ടൽ സഹായകരമാണ്. എം.എൽ.എ മാർ പ്രവൃത്തികൾ ശിപാർശ ചെയ്ത് ഭരണാനുമതി നൽകുന്നതുവരെയുള്ള കാര്യങ്ങളാണ് പോർട്ടൽ ഉപയോഗിച്ച് ചെയ്തുവരുന്നത്. ഭരണാനുമതിയ്ക്ക് ശേഷം പ്രവൃത്തികളുടെ സാങ്കേതികാനുമതി, ടെണ്ടർ, നിർവ്വഹണം എന്നിവ വിവിധ സർക്കാർ എഞ്ചിനീയറിംഗ് വിഭാഗങ്ങളും അക്രഡിറ്റഡ് ഏജൻസികളുമാണ് ചെയ്തു വരുന്നത്. സാങ്കേതികാനുമതി, ടെണ്ടർ, നിർവ്വഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം പോർട്ടലിലൂടെ ലഭ്യമാകുന്നതിന് സർക്കാർ എഞ്ചിനീയറിംഗ് വിഭാഗങ്ങളേയും അക്രഡിറ്റഡ് ഏജൻസികളേയും പോർട്ടലിന്റെ ഭാഗമാക്കേണ്ടതുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | മുൻസാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ എൽ.എ.സി.-എ.ഡി.എസ്. പോർട്ടൽ സംവിധാനം നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ; | |
| (സി) | 2018 -19 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.മാർ നൽകിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി പോർട്ടൽ സംവിധാനം സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ